**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3867** **17-03-2025 - ൽ മറുപടിയ്ക്ക്**

**പ്രായപൂർത്തിയാകാത്തവർ പ്രതികളായ കേസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് ഓരോവർഷവും പ്രായപൂർത്തിയാകാത്തവർ പ്രതികളായ എത്ര കൊലപാതക കേസുകൾ, ലൈംഗിക പീഡന കേസുകൾ, അക്രമ കേസുകൾ എന്നിവ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര കേസുകളിൽ കുറ്റവാളികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്; പ്രസ്തുത കുറ്റവാളികൾക്ക് ലഭിച്ചിട്ടുള്ള പരമാവധി ശിക്ഷ എന്താണ്; വിശദമാക്കാമോ; | (എ) | ക്രോഡീകരിച്ചുള്ള വിവരം ലഭ്യമല്ല. |
| (ബി) | കുട്ടികൾ ആസൂത്രിതമായി കുറ്റകൃത്യം ചെയ്യുന്നത് തടയാൻ എന്തൊക്കെ പ്രതിരോധ നടപടികളാണ് പോലീസ് സംവിധാനം ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ബി) | സിനിമകൾ, വെബ് സീരീസുകൾ, ഓൺലൈൻ ഗെയിമുകൾ തുടങ്ങിയ മാധ്യമങ്ങളിൽ അമിതമായി ചിത്രീകരിക്കപ്പെടുന്ന ഹിംസയും അക്രമവും യുവതലമുറയെ ഗണ്യമായി സ്വാധീനിക്കുന്നു. ഇത് പലപ്പോഴും അവരെ അസ്വഭാവികമായ ജീവിതശൈലിയിലേക്കും അപകടകരമായ തീരുമാനങ്ങളിലേക്കും കുറ്റകൃത്യങ്ങൾ, മാനസിക ആരോഗ്യ പ്രശ്നങ്ങൾ തുടങ്ങിയവയിലേക്കും എത്തിക്കുന്നു. ഇത്തരം സ്വാധീനങ്ങളിലൂടെ കുട്ടികൾക്കിടയിൽ അക്രമ വാസന ഉടലെടുക്കുന്നതു തടയാൻ പോലീസ് വകുപ്പിനു കീഴിൽ നടപ്പിലാക്കി വരുന്ന ശിശുസൗഹൃദ പ്രോജക്റ്റുകളായ CHIRI, D-DAD, CAP, KOOTTU എന്നീ പദ്ധതികളിലൂടെ കൗൺസിലിംഗ് ആവശ്യപ്പെടുന്ന കുട്ടികൾക്ക് കൗൺസിലിംഗ് നൽകി വരുന്നു. ഇത്തരം പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ പ്രവേശനോത്സവത്തോടനുബന്ധിച്ച് അദ്ധ്യയന വർഷാരംഭത്തിൽ തന്നെ കുട്ടികൾക്കിടയിൽ പ്രചരണം നടത്തുന്നതിനും അതോടൊപ്പം കുട്ടികളെ ബാധിക്കുന്ന വിവിധ വിഷയങ്ങളെ സംബന്ധിച്ച് അവബോധ വീഡിയോകൾ നിർമ്മിച്ച് പോലീസിന്റെ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലൂടെ പരസ്യപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |

സ്കൂൾ പരിസരങ്ങളിൽ ജുവനൈൽ കുറ്റകൃത്യങ്ങൾ തടയുന്നതിനായി സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ രൂപീകരിച്ച് നിയമവിരുദ്ധ പ്രവർത്തനങ്ങളിൽ ഇരയാകുന്നതിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനു പുറമേ കുട്ടികളുടെ സംരക്ഷണവും നിയമപരിരക്ഷയും സർക്കാർ തലത്തിൽ ഉറപ്പ് വരുത്തുന്നതിനായി സംസ്ഥാന സാമൂഹ്യനീതി വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, നിയമ വകുപ്പ്, എക്സൈസ് വകുപ്പ്, വനിത ശിശുവികസന വകുപ്പ്, ബാലാവകാശകമ്മീഷൻ, ശിശുക്ഷേമ കമ്മിറ്റി, ജുവനൈൽ ജസ്റ്റിസ് ബോർഡ് തുടങ്ങി വിവിധ കാര്യവാഹകരുമായി ചേർന്ന് കേരള പോലീസ് ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു.

ലഹരി ഉപയോഗിച്ച ശേഷം കുറ്റകൃത്യങ്ങളിൽ പങ്കാളിയാകുന്നവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. മയക്കുമരുന്ന് വിൽപ്പനയും ഉപയോഗവും തടയുന്നതിനായി പോലീസ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള കർമ്മ പദ്ധതികൾ ചുവടെ ചേർക്കുന്നു.

**ബോധവൽക്കരണ പരിപാടികൾ:**

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിൽ നിരീക്ഷണം ശക്തമാക്കുകയും പോലീസ് ഡ്രാമ ആൻഡ് ഓർക്കസ്ട്ര ടീം മുഖേന ഷോകളും മറ്റും സംഘടിപ്പിച്ച് ലഹരിയുടെ ദൂഷ്യ വശങ്ങളെക്കുറിച്ച് വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ബോധവൽക്കരണം നൽകുകയും ചെയ്യുന്നു.

**പ്രത്യേക കർമ്മ പദ്ധതികൾ:**

ലഹരി ഉപയോഗവും വിതരണവും തടയുന്നതിനായി "യോദ്ധാവ്", "ഡി ഹണ്ട്" എന്ന പദ്ധതികളിലൂടെ ശക്തമായ നടപടികൾ സ്വീകരിക്കുന്നു.

ലഹരി ഉപയോഗത്തെക്കുറിച്ചുള്ള വിവരങ്ങൾ അറിയിക്കാൻ യോദ്ധാവിന്റെ (9995966666) വാട്സ്ആപ്പ് നമ്പർ പോലീസ് ലഭ്യമാക്കിയിട്ടുണ്ട്. ഓരോ ജില്ലയിലും ജില്ലാ പോലീസ് മേധാവിയുടെ കീഴിൽ ഡിസ്ട്രിക്ട് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സ് രൂപീകരിക്കുകയും അവയുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുമായി എ.ഡി.ജി.പി (L & O) യെ നോഡൽ ഓഫീസറാക്കി ANTF രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

**നോ ടു ഡ്രഗ്സ് ക്യാമ്പയിൻ:**

| | | | |
|---|---|---|---|
| | | | വിദ്യാർത്ഥികൾക്കിടയിലെ മയക്കമരുന്ന് ഉപയോഗം തടയുന്നതിനായി കേരള സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് നോ ടു ഡ്രഗ്സ് ക്യാമ്പയിൻ. ഈ ക്യാമ്പയിന്റെ ഭാഗമായി വിവിധ ബോധവത്കരണ ക്ലാസുകളും മറ്റു പരിപാടികളും കേരളാ പോലീസ് നടത്തുന്നുണ്ട്.<br><br>**ക്ലിയർ ക്യാമ്പസ് സേഫ് ക്യാമ്പസ്**<br><br>വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലഹരി ഉപയോഗം തടയുന്നതിനായി കേരളാ പോലീസ് ആവിഷ്കരിച്ച പദ്ധതിയാണ് ക്ലിയർ ക്യാമ്പസ് സേഫ് ക്യാമ്പസ്.<br><br>**ഡാൻസാഫ് (District Anti-Narcotics Special Action Force):**<br><br>ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന ഈ വിഭാഗം മയക്കമരുന്ന് കടത്ത്, വിപണനം എന്നിവ തടയുന്നതിനായി പ്രത്യേക പരിശോധനകൾ നടത്തുന്നു.<br><br>**ജനമൈത്രി സുരക്ഷാ പദ്ധതി:**<br><br>ജനങ്ങളുമായി സഹകരിച്ച് മയക്കമരുന്ന് ഉപയോഗവും വിപണനവും തടയാൻ പോലീസ് നടത്തുന്ന പ്രവർത്തനങ്ങളാണ് ജനമൈത്രി സുരക്ഷാ പദ്ധതി.<br><br>**എസ് പി സി പദ്ധതി:**<br><br>എസ് പി സി പദ്ധതിയുടെ കമ്മ്യൂണിറ്റി പ്രൊജക്ടായ SPC Against Addiction എന്നതിൽ ഉൾപ്പെടുത്തി കേരളത്തിലാകമാനമുള്ള എസ് പി സി കേഡറ്റുകളുടെ നേതൃത്വത്തിൽ വിദ്യാർത്ഥികളിലെ മദ്യം, മയക്കമരുന്ന് ഉപയോഗം തടയുന്നതിനും അക്രമവാസനകൾ നിരുത്സാഹപ്പെടുത്തുന്നതിനും ആവശ്യമായ ബോധവൽക്കരണ ക്ലാസുകളും അനുബന്ധ പ്രവർത്തനങ്ങളും നടത്തി വരുന്നു. ഇതുകൂടാതെ, മയക്കമരുന്ന് ഉപയോഗിക്കുന്നവരെയും വിൽക്കുന്നവരെയും കുറിച്ചുള്ള വിവരങ്ങൾ പോലീസിനെ അറിയിക്കുന്നതിനായി വിവിധ സംവിധാനങ്ങൾ പോലീസ് ഒരുക്കിയിട്ടുണ്ട്. ലഹരി ഉപയോഗം മൂലമുണ്ടാകുന്ന അതിക്രമങ്ങൾ തടയാൻ പോലീസിനോടൊപ്പം പൊതുജനങ്ങളുടെ സഹായവും ആവശ്യമാണ്. അതിനായി വിവിധ ജില്ലകളിൽ പോലീസ് നടത്തുന്ന ലഹരി വിരുദ്ധ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ മാധ്യമങ്ങളിൽ ലഭ്യമാക്കി പൊതുജനപങ്കാളിത്തം ഉറപ്പു വരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ